66 (1172) കാസർഗോഡ് ജില്ലയിലെ ശുദ്ധജല വിതരണ പദ്ധതികൾ

ശ്രീ. കെ.പി. സതീഷ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ഈസ്റ്റ് എളേരി പഞ്ചായത്തിലെ വെള്ളടുക്കം, കയ്യൂർ, ചീമേനി പഞ്ചായത്തിലെ ക്ലായിക്കോട്, നീലേശ്വരം പഞ്ചായത്തിലെ നെടുങ്കണ്ട, കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിലെ നമ്പ്യാർക്കൽ എന്നീ പ്രദേശങ്ങളിൽ ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കാനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

ഉത്തരം

കാസർഗോഡ് ജില്ലയിലെ ഈസ്റ്റ് എളേരി പഞ്ചായത്തിലെ വെള്ളടുക്കം, കയ്യൂർ-ചീമേനി പഞ്ചായത്തിലെ ക്ലായിക്കോട്, നീലേശ്വരം പഞ്ചായത്തിലെ നെടുങ്കണ്ട, കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിലെ നമ്പ്യാർക്കൽ എന്നീ പ്രദേശങ്ങളിൽ ശുദ്ധജലവിതരണം നടപ്പിലാക്കുന്നതു സംബന്ധിച്ച് ഗവൺമെന്റിന്റെയും വാട്ടർ അതോറിറ്റിയുടെയും ഉദ്യോഗസ്ഥന്മാർ, ജനപ്രതിനിധികൾ എന്നിവർ പങ്കെടുത്ത ഒരു ചർച്ചായോഗം 6.4.1999-ൽ തിരുവനന്തപുരത്ത് ചേർന്ന് ഇതു സംബന്ധിച്ച സാധ്യതകൾ വിലയിരുത്തി. പ്രസ്തുത യോഗത്തിൽ ഉരുത്തിരിഞ്ഞ തീരുമാനങ്ങളിന്മേൽ അനന്തര നടപടികൾ താമസംവിനാ കൈക്കൊള്ളുന്നതാണ്. ഈസ്റ്റ് എളേരി പഞ്ചായത്തിലെ വെള്ളടുക്കം, കയ്യൂർ-ചീമേനി പഞ്ചായത്തിലെ ക്ലായിക്കോട് നീലേശ്വരം പഞ്ചായത്തിലെ നെടുങ്കണ്ട എന്നീ ശുദ്ധജലപദ്ധതികളുടെ കിണർ നിർമ്മിക്കുന്നതിനുള്ള ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

67 (1173) ആലത്തൂർ മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം

ശ്രീ. സി.കെ. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.

(എ) ആലത്തൂർ മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഇതിനായി പണി നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ ഏതെല്ലാം; ഇവയുടെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ;

(സി) പണി തുടങ്ങുന്നതിനുവേണ്ടി ഉദ്ദേശിക്കുന്ന സർക്കാർ പദ്ധതികൾ ഏതെല്ലാം; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) ഇതിനായി ഏതെല്ലാം ഏജൻസികളുടെ സഹായം ഉപയോഗിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ഇ) ആലത്തൂർ മണ്ഡലത്തിലെ ജലക്ഷാമം പരിഹരിക്കുന്നത് സംബന്ധിച്ച് എത്ര നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്; ഇതിന് മേൽ എന്തു നടപടികൾ സ്വീകരിച്ചു?

LIBRARY ARCHIVES Kerala Legislative Assembly